ഇ–മെയിൽ/ഫാക്സ്

കേരള സർക്കാർ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്.2/01/2023/പൊ.ഭ.വ

തിരുവനന്തപുരം, **30.03.2023,**

**0471-251 8399/ gadsskerala@gmail.com**

പ്രേക്ഷിതൻ

അഡീഷണൽ സെക്രട്ടറി & യു പി എസ് സി പരീക്ഷ കോർഡിനേറ്റർ

സ്വീകർത്താവ്

**ഡയറക്ടർ/ രജിസ്ട്രാർ / കമ്മീഷണർ / വകുപ്പ് തലവന്മാർ**

കൃഷി/സിവിൽ സപ്ലൈസ് /മൃഗസംരക്ഷണ /പൊതു വിദ്യാഭ്യാസ / പഞ്ചായത്ത് / കോളേജിദ്യാഭ്യാസ/സഹകരണ/ഗ്രാമവികസന/സാംസ്കാരിക/ഡയറിഡെവലപ്മെന്റ് /സാമ്പത്തിക സ്ഥിതിവിവര /വനം /തുറമുഖ/വ്യവസായ പരിശീലന/ജലസേചന/ തൊഴിൽ / ലോട്ടറി / ഓഡിറ്റ് / പോലീസ് / അച്ചടി / പൊതുമരാമത്ത് / രജിസ്ട്രേഷൻ / പട്ടിക ജാതി വികസന/പട്ടിക വർഗ വികസന/ ടൂറിസം / എൻ സി സി /സാമൂഹ്യ ക്ഷേമ /പുരാരേഖ / പുരാ വസ്തു /കോളേജിയേറ്റ് /ട്രഷറി വകുപ്പുകൾ മറ്റു പ്രധാന വകുപ്പുകൾ

സർ,

വിഷയം:- പൊതുഭരണ വകുപ്പ് – യു പി എസ് സി പരീക്ഷകൾ – തിരുവനന്തപുരത്തെ വിവിധ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ചുമതലകൾ നിർവ്വഹിക്കുന്നതിന് -സർക്കാർ ജീവനക്കാരുടെ പാനൽ – തയ്യാർ ചെയ്യുന്നന്നത് – സംബ :-

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് തിരുവനന്തപുരത്തെ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കുന്നതിന് താല്പര്യമുള്ള സർക്കാർ ജീവനക്കാരുടെ 2023-24 വർഷത്തേക്കുള്ള പാനൽ തയ്യാർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2023 മെയ് **28 ന നടക്കുന്ന സിവിൽ സർവീസ് (പ്രാഥമിക) പരീക്ഷ** ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്കായാണ ഇത് തയ്യാർ ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ളതുകൂടി ദയവായി ശ്രദ്ധിച്ചാലും.

2. താങ്കളുടെ വകുപ്പിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഇതിലേക്ക് താത്പര്യമുള്ളവരുടെ വിശദാംശങ്ങൾ സമാഹരിച്ച് അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മാതൃകയിൽ **20/04/2023 ന മുൻപായി** ഇ-മെയിൽ (gadsskerala@gmail.com) മുഖാന്തിരമോ നേരിട്ടോ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

3. കഴിഞ്ഞ കാലങ്ങളിൽ താങ്കളുടെ വകുപ്പിൽ നിന്ന് നിയോഗിക്കപ്പെട്ടവരുടെ സേവനം സിവിൽ സർവീസ് പ്രാഥമിക പരീക്ഷാനടത്തിപ്പിന് സഹായമായിട്ടുണ്ടെന്നും ഈ വർഷവും താങ്കളുടെ വകുപ്പിലെ ജീവനക്കാരുടെ സേവനം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പരിപൂർണ സഹകരണം താങ്കളുടെ ഭാഗത്തു നിന്നുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഉത്തരവ് നം. - SJD/1679/2023-E6- തീ. 10-04-2023

വിശ്വസ്തതയോടെ

യു.പി.എസ്.സി. പരീക്ഷകൾ - തിരുവനന്ത പുരത്തെ വിവിധ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ചുമതലകൾ വഹിക്കുന്നതിന് സർക്കാർ ജീവനക്കാരുടെ പാനൽ - തയ്യാറാക്കുന്നത് സംബന്ധിച്ച്. താല്പര്യമുള്ളവർ വിവരങ്ങൾ 20/4/2023 ന് 1. PM മുൻപായി ഭരണവിഭാഗത്തിൽ നൽകേണ്ടതാണ്

ഷൈൻ എ ഹഖ്

അഡിഷണൽ സെക്രട്ടറി &

യു പി എസ് സി പരീക്ഷ കോർഡിനേറ്റർ

അനുബന്ധം

**യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് തിരുവനന്തപുരത്തെ കേന്ദ്രങ്ങളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള സർക്കാർ ജീവനക്കാരുടെ 2023-24 വർഷത്തേക്കുള്ള പാനൽ തയ്യാർ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളും മാതൃകയും ചുവടെ ചേർക്കുന്നു.**

I. എൽ ഡി ക്ലർക്ക് തസ്തികയിലോ അതിനു മുകളിലോട്ടുള്ള തസ്തികയിലോ ജോലി ചെയ്യുന്ന ബിരുദധാരികളായ സർക്കാർ ജീവനക്കാരെയാണ് ഇൻവിജിലേഷൻ ചുമതലകൾ നിർവ്വഹിക്കാനുള്ള പാനലിൽ ഉൾപ്പെടുത്തേണ്ടത്. പരീക്ഷ ചുമതലകൾ കൃത്യമായി നിർവഹിക്കാൻ പര്യാപ്തമായവരാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തി വേണം പാനൽ തയ്യാറേക്കേണ്ടത്.

II. ഞായറാഴ്ചകളിലാണ് പരീക്ഷകൾ നടക്കുന്നത്. അതുകൊണ്ട് തന്നെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാകാറില്ല.

III. സാധാരണഗതിയിൽ പരീക്ഷ കേന്ദ്രങ്ങൾ തിരുവനന്തപുരം നഗര പ്രദേശങ്ങൾക്കുള്ളിലായതിനാൽ നഗരപ്രദേശത്തോ സമീപ പ്രദേശങ്ങളിലോ താമസിക്കുന്ന ജീവനക്കാരാണ് കൂടുതൽ അഭികാമ്യം.

IV. പരീക്ഷ ചുമതലയിൽ നിയോഗിക്കുന്നവർ പരീക്ഷ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുവേണം പരീക്ഷ ചുമതലകൾ നിർവഹിക്കേണ്ടത് .

V. പരീക്ഷ ചുമതലക്ക് നിയോഗിച്ചാൽ തക്കതായ കാരണമില്ലാതെ പരീക്ഷ ചുമതലയിൽ നിന്ന് ഒഴിവാകാൻ പാടില്ല.

VI. ഒരു സെഷനുള്ള പരീക്ഷക്ക് **800** (എണ്ണൂറ് )രൂപയാണ് ഹോണറേറിയമായി ലഭിക്കുന്നത്, മിക്കവാറും പരീക്ഷകൾ രാവിലെയും ഉച്ചക്കശേഷവുമായും രണ്ട് സെഷനുകളായാണ് നടക്കാറുള്ളത്. സിവിൽ സർവീസ് പ്രാഥമിക പരീക്ഷക്ക് **2400/-** (രണ്ടായിരത്തി നാന്നൂറ്) രൂപയാണ് ഹോണറേറിയം (ട്രെയിനിങ് സെക്ഷൻ ഉൾപ്പെടെ) തുകയായി ലഭിക്കുന്നത്.

VII. ഒരു വകുപ്പിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരിൽ ഇൻവിജിലെഷൻ ഡ്യൂട്ടിക്ക് താല്പര്യപ്പെടുന്നവരുടെ സമാഹരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്. (ഇ-മെയിൽ വിലാസം- **gadsskerala@gmail.com**)

മാതൃക

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും പെൻ നമ്പറും | തസ്തിക | വാട്സാപ്പുള്ള മൊബൈൽ നമ്പർ | ഓഫീസ് വിലാസം | താമസിക്കുന്ന പ്രദേശം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

-------------------